(2) തൃശ്ശൂരിലെ ഗവൺമെൻറ് നേഴ്സിംഗ് സ്ക്കൂളിന്റെ ശോചനീയാവസ്ഥ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് 125 കൊല്ലത്തോളം പഴക്കമുള്ള ഒരു കെട്ടിടമുണ്ട്. അതിന്റെ പൊളിഞ്ഞു വീണ പൂമുഖം അടുത്ത കാലത്ത് നന്നാക്കിയെങ്കിലും പ്രധാനമായും കെട്ടിടത്തിന്റെ സ്ഥിതി ഇന്നും അത്യന്തം ശോചനീയമാണ്. അടുക്കളയുടെയും ഊണുമുറിയുടെയും നില അതിലും പരിതാപകരമാണ്. ആ കെട്ടിടത്തിന്റെ പുറകിലായി 1968-ൽ പണി കഴിപ്പിച്ച ഒരു വലിയ ഷെഡ്ഡും ഉണ്ട്. ജൂബിലി ആഘോഷിക്കുന്ന തൃശ്ശൂർ ഗവൺമെൻറ് നഴ്സിംഗ് സ്ക്കൂൾ പ്രവർത്തിക്കുന്നത് അവിടെയാണ്. ഒരു ബാച്ച് വിദ്യാർത്ഥിനികൾക്ക് വേണ്ട സൗകര്യങ്ങളില്ലാത്ത അവിടെ ഇപ്പോൾ നാല് ബാച്ചുകളിലായി 106 കുട്ടികളുണ്ട്. പതിനഞ്ചു കുട്ടികൾക്കുപോലും താമസിക്കുവാൻ ഇടമില്ലാത്തിടത്ത് 52 കുട്ടികളാണ് തിക്കിഞെരുങ്ങി കഴിയുന്നത്. ക്ലാസ് മുറിയും പാനമുറിയും ശയന മുറിയും എല്ലാം ഒന്നുതന്നെ. ആഡിറ്റോറിയം, ലൈബ്രറി, വായനമുറി—ഇവയില്ല. ഉള്ള സ്ഥലംതന്നെ സുരക്ഷിതമല്ല. അകത്ത് മരപ്പട്ടികളുടെ ശല്യം, പുറത്ത് സാമൂഹ്യവിരുദ്ധരുടെ ശല്യം, നൂറിലധികം വനിതകൾ മാത്രമുള്ള ഈ സ്ഥലത്ത് ടെലഫോൺ സൗകര്യം പോലുമില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പരിശീലനത്തിന് പോകേണ്ടിവരുന്ന വിദ്യാർത്ഥിനികൾക്ക് പന്ത്രണ്ടു പേർക്ക് സഞ്ചരിക്കാവുന്ന 25 കൊല്ലം പഴക്കമുള്ള ഒരു വണ്ടി മാത്രമാണുള്ളത്. പെട്രോളിനും അറകുറപ്പണികൾക്കുമായി പ്രതിമാസം അനുവദിക്കുന്ന തുക കേവലം 200 രൂപ മാത്രമാണ്. അവിടെ ഒരു മിനിബസ് അടിയന്തിരമായി നൽകണം. അവശൻമാർക്കും ആർത്തൻമാർക്കും ആലംബഹീനർക്കും ആശ്വാസംപകരുന്നതിന് ആതുരശുശ്രൂഷാരംഗത്ത് പരിശീലനം നേടുന്ന പാവപ്പെട്ട നേഴ്സിംഗ് വിദ്യാർത്ഥിനികളുടെ സങ്കടം ആരറിയാൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കഴിഞ്ഞ 18-ാം തീയതിയാണ്. ഇതിനെ സംബന്ധിച്ച് ഒരു മെമ്മോറാണ്ടം കിട്ടിയത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു പഴയ കെട്ടിടമാണ് അത്. പക്ഷെ അത് തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പഴയ കെട്ടിടമാണ്. അവിടെ സൗകര്യങ്ങൾ കുറവാണ്. അത് പരിഹരിക്കണമെന്നുണ്ട്. വാഹനങ്ങൾ ഇപ്പോൾ ശരിയായിട്ട് ഓടുന്നുണ്ട്. പെട്രോളിനായി എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ലിമിറ്റഡ് എമൗണ്ടാണ് കൊടുക്കുന്നത്. ഏതായാലും നഴ്സിംഗ് സെൻറിലെ കാർട്ടേഴ്സ് പണിയുന്നത് സംബന്ധിച്ച് ഗവൺമെൻറ് പണം കിട്ടുന്നതനുസരിച്ച് വേഗത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(3) തലശ്ശേരിയിലെ ശുദ്ധജലക്ഷാമം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരിയും പരിസരപ്രദേശങ്ങളും ശുദ്ധജല ക്ഷാമം അടിക്കടി ഉണ്ടാകുന്ന പ്രദേശങ്ങളാണ്. ഇവിടത്തെ ശുദ്ധജല വിതരണ പദ്ധതിയിൽനിന്ന് ആറു മാസം വെള്ളം കിട്ടും, ആറുമാസം കിട്ടുകയില്ല എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥാവിശേഷം. ഇത് പരിഹരിക്കുന്നതിനുവേണ്ടി ആ ശുദ്ധജല വിതരണപദ്ധതി വിപുലീകരിക്കുവാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിരുന്നു. ഇന്ന് ആ പദ്ധതിയുടെ പ്രവർത്തനം തന്നെ മന്ദീഭവിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ആ ശുദ്ധജല വിതരണപദ്ധതി വിപുലീകരിക്കുവാൻ വേണ്ടിയുള്ള പണി നടത്തുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ പദ്ധതി പരിസര പ്രദേശത്ത് വ്യാപിപ്പിച്ചതുകൊണ്ട് എല്ലായിടത്തും വെള്ളം നൽകാൻ ഇതിന്റെ സോഴ്സിൽ വെള്ളമില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. രണ്ടാമത് ഇതിന്റെ പമ്പിംഗ് മെയിൻ പൊട്ടിക്കിടക്കുകയാണ്. ഇതു കൊണ്ട് രണ്ടു കാര്യങ്ങളാ ചെയ്യേണ്ടതായിട്ടുണ്ട്. ഒരു, താല്ക്കാലിക പരിഹാരം എന്നുള്ള നിലയിൽ നമുക്ക് ചെയ്യേണ്ടത്, പഴശ്ശിയിൽ നിന്നും വെള്ളം ഇതിന്റെ സോഴ്സിലേക്ക് അടിച്ച് സോഴ്സിൽ കൂടുതൽ വെള്ളം ഉണ്ടാക്കുകയാണ്. അതിന്റെ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് ശാശ്വതപരിഹാരം വേണമെങ്കിൽ പഴശ്ശി പദ്ധതിയിൽ നിന്ന് വെള്ളമെടുത്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കണം. അതിനായി ഏകദേശം 35 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിയുണ്ട്. ആ പദ്ധതി എത്രയും വേഗം നടപ്പിലാക്കിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പൂർണ്ണമായും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പക്ഷേ താല്ക്കാലികമായി ഇപ്പോൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് ശുദ്ധീകരണശാലയുടെ ശുദ്ധീകരണശേഷി നാലര എം.ടി.ഡി.യിൽ നിന്ന് ആറ് എം.ടി.ഡി.യായി ഉയർത്തുന്നതിനും പഴയ കോൺക്രീറ്റ് പൈപ്പുകളുടെ പ്രവർത്തനശേഷി കുറവായതിനാൽ സമാന്തരമായി പുതിയ കാസ്റ്റ് അയൺ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുമാണ്. അതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനായി ഏതാണ്ട് ഒരു കോടി എൺപതു ലക്ഷം രൂപയുടെ മുതൽമുടക്ക് വേണ്ടിവരും. ഇത് നല്ല കാര്യവും ആവശ്യവുമായതുകൊണ്ട് ഇത്രയും തുക മുടക്കി അത് സ്വീകരിക്കുകയാണ്.

(4) പുന്നയൂരിലെ മുരളീധരന്റെ മരണം

ശ്രീ. പി. കെ. കെ. ബാവ : സർ, മുപ്പതു വർഷം ആർമിയിൽ സേവനമനുഷ്ഠിച്ച് ജെ. സി. ഒ. ആയി 1977-ൽ ജോലിയിൽ നിന്ന് വിരമിച്ച എന്റെ മണ്ഡലത്തിലെ പുന്നയൂരിലെ ടി. അറുമുഖന്റെ ഏക മകൻ മുരളീധരൻ ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തിൽ ഇൻഡ്യൻ നേവി വക 'കട്ടിയാൽ' എന്ന കപ്പലിൽ 1980 മുതൽ സീമാൻ ആയി ജോലി ചെയ്യുകയായിരുന്നു. 16-9-1986-ൽ ജോലി സ്ഥലത്തു നിന്നും വിജയവാഡയിലെത്തിയ മുരളീധരൻ 17-9-1986-ൽ അവിടെ പോലീസ് സ്റ്റേഷനിൽ ക്രൂരമായ മർദ്ദനത്തിനും ലോക്കപ്പ് മരണത്തിനു വിധേയനായി പുറത്തുകാണാവുന്ന പരിമുറിവുകളോടെ മുരളീധരന്റെ ദേഹത്തുണ്ടായിരുന്നു. ജോലി സ്ഥലത്ത് നിന്നും മുരളീധരൻ പുറപ്പെടുമ്പോൾ 2,400 രൂപ കയ്യിലുണ്ടായിരുന്നു. പണം തട്ടിയെടുത്ത് പോലീസ് കൊലചെയ്തുവെന്ന് ജനങ്ങൾ സംശയിക്കുന്നു. ഇതിന്റെ പേരിൽ വിജയവാഡയിൽ ബന്ത് പോലും നടക്കുകയുണ്ടായി. എന്നാൽ ഫലപ്രദമായ നടപടികളും ഒന്നും ഉണ്ടായില്ല. ഔദ്യോഗിക ജോലിയിൽനിന്ന് വിരമിച്ച, അച്ഛനും അമ്മയും രണ്ടു സഹോദരൻമാരും ഭാര്യയും രണ്ടു വയസ്സുപോലും തികയാത്ത പിഞ്ചുകുഞ്ഞും അടങ്ങുന്നതാണ് മുരളീധരന്റെ കുടുംബം. ഈ കുടുംബം ഇന്ന് തീർത്തും അനാഥമാണ്. ഒരച്ഛനും അമ്മയ്ക്കും ഇങ്ങനെയുള്ള അനുഭവം ഇനിമേലിൽ ഉണ്ടാകരുതെന്നാണ് ആവൃദ്ധദമ്പതികളും എന്നോട് പറഞ്ഞത്. വിശേഷിച്ചും കേരളത്തിൽ നിന്ന് പുറത്തുപോയി ജോലി ചെയ്യുന്നവർക്ക് ഇതുപോലുള്ള അനുഭവങ്ങൾ ധാരാളമാണ്. മുരളീധരൻ ആത്മഹത്യ ചെയ്തതാണെന്നാണ് അവിടത്തെ പോലീസ് പറയുന്നത്. ഈ കള്ളക്കഥയിൽ വിജയവാഡയിലെ ജനങ്ങൾക്ക് വിശേഷിച്ച് അവിടത്തെ മലയാളികൾക്ക് കടുത്ത അമർഷമുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഈ സ്റ്റേഷനിൽ നാല് ലോക്കപ്പ് മരണങ്ങൾ നടന്നിട്ടുണ്ട്. ഈ വർഷത്തെ രണ്ടാമത്തെ ഇരയാണ് ഈ മുരളീധരൻ. രാജ്യത്തി

LIBRARY ARCHIVES Kerala Legislative Assembly